# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.95/PR/PIC/PHQ/17 Date : 13.05.2017

---

**കേസുകളുടെ വിശകലനവും പരിശീലനത്തിൽ ഉൾപ്പെടുത്തണം-**

**സംസ്ഥാന പോലീസ് മേധാവി**

പോലീസ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനപട്ടിക പ്രതികൾക്ക് ശിക്ഷ ലഭിച്ചതും വെറുതെ വിട്ടതുമായ പ്രധാന കേസുകളുടെ വിശകലനം കൂടി ഉൾപ്പെടുത്തണമെന്ന് കേരള പോലീസ് അക്കാദമി ഡയറക്ടർ, പോലീസ് ട്രെയിനിംങ് കോളേജ് പ്രിൻസിപ്പൽ എന്നിവർക്ക് സംസ്ഥാന പോലീസ് മേധാവി ഡോ ടി പി സെൻകുമാർ നിർദ്ദേശം നൽകി. കേസന്വേഷണത്തിന്റെ പ്രാരംഭഘട്ടംമുതൽ അന്വേഷണത്തിലെ പഴുതുകളും തകരാറുകളും പോരായ്മകളും എന്തൊക്കെയായിരുന്നു, നേരിട്ടുള്ള തെളിവുകൾ, ശാസ്ത്രീയ തെളിവുകൾ, സാഹചര്യ തെളിവുകൾ, പൊതുവായ ഉദ്ദേശ്യങ്ങൾ, ഗൂഡാലോചനയുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിവ ശരിയായി വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ടോ എന്ന് വിശകലനം ചെയ്യണം. സൗമ്യ വധക്കേസ് പോലെ അന്തിമവിധി പ്രസ്താവിച്ച കേസുകളാണ് ഇപ്രകാരം വിശകലനത്തിനായി പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തേണ്ടത്. വധശിക്ഷ ഒഴിവാക്കിയതിന്റെ കാരണങ്ങളെന്തെല്ലാം? കേസന്വേഷണം, വിചാരണ എന്നിവയുമായി ബന്ധപ്പെട്ട് വധശിക്ഷ ഒഴിവാക്കാതിരിക്കാനുള്ള കാരണങ്ങൾ ഏവ? ഇത്തരം കേസുകളിൽ നിന്ന് ഭാവിയിൽ ഉൾക്കൊള്ളേണ്ട പാഠങ്ങളെന്ത് തുടങ്ങിയവ ശരിയായി പഠനവിധേയമാക്കി പരിശീലനത്തിൽ വിശദീകരിക്കണം.

വിരമിച്ച പോലീസ് ഉദ്യോഗസ്ഥർ, നിയമ വിദഗ്ധർ എന്നിവരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

****